സന്തോഷിപ്പിക്കുന്ന രീതിയിൽ വിദഗ്ധരുടെ മേൽനോട്ടത്തിലും, സഹായത്തോടും കൂടി മാതാപിതാക്കൾക്ക് തന്നെ വീട്ടിൽ വച്ച് തെറാപ്പി ചെയ്യാവുന്നതാണ്. ചൊവ്വ, വെള്ളി ദിവസങ്ങളിലാണ് സിഡിസിയിൽ High Risk Newborn ക്ലിനിക്ക് പ്രവർത്തിക്കുന്നത്.

ചൊവ്വ - Newborn follow up Clinic I (0-6 months)
വെള്ളി - Newborn follow up Clinic II (6-12 months)

**പ്രത്യേക ശ്രദ്ധ അർഹിക്കുന്ന (മാസം തികയാതെ പ്രസവിക്കുന്ന തൂക്കം കുറഞ്ഞ് ജനിക്കുന്ന അഥവാ നവജാത നേഴ്സറിയിൽ കിടത്തിയിരുന്ന കുട്ടികളെ ജനനം മുതൽ ഒരു വയസ്സുവരെ മാസത്തിലൊരിക്കലും 24 വയസ്സുവരെ വർഷത്തിലൊരിക്കലും തുടർച്ചയായി നിരീക്ഷിക്കേണ്ടത് ആവശ്യമാണ്.**


*തയ്യാറാക്കിയത് :-*

Dr. എം.കെ.സി. നായർ
Dr. ബാബു ജോർജ്
Ms. രാജി കൃഷ്ണൻ






Clinical Services
Research
Training
Community Extension Services





Child Development Centre

CDC KERALA

Child Development Centre

# പ്രത്യേക പരിചരണം ആവശ്യമുള്ള കുഞ്ഞുങ്ങൾ (High Risk Newborn)




**Child Development Centre**
Medical College, Thiruvananthapuram-11
Ph: 0471-2553540, 0471-2447061
Email: cdckerala@rediffmail.com
Web: www.cdckerala.org

## പ്രത്യേക പരിചരണം ആവശ്യമുള്ള കുഞ്ഞുങ്ങൾ

മാസം തികയാതെയുള്ള ജനനം, ജനിച്ചയുടനെ ശ്വാസമെടുത്ത് കരയാതിരിക്കൽ, ജനനസമയത്തെ തൂക്കക്കുറവ്, മഞ്ഞനിറം, ജന്നി, തലച്ചോറിൽ പഴുപ്പ് തുടങ്ങിയവയുള്ള കുട്ടികളെയാണ് High Risk Newborn വിഭാഗത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. കൂടാതെ പ്രസവത്തിനുമുമ്പുള്ള കാരണങ്ങൾ കൊണ്ടും (ക്രോമസോം വ്യതിയാനം, അമ്മയ്ക്കുണ്ടാകുന്ന അസുഖങ്ങൾ, അമ്മ കഴിക്കുന്ന അനാവശ്യ മരുന്നുകളുടെ പാർശ്വഫലം etc) ചുറ്റുപാടിലുള്ള കാര്യങ്ങൾ കണ്ട് പഠിക്കാൻ അവസരം കിട്ടാതിരിക്കുന്നതുകൊണ്ടും (വീട്ടിൽ നിന്നുള്ള പ്രചോദനക്കുറവ്) കുട്ടികളിൽ വളർന്നു വരുമ്പോൾ ശാരീരികവും ബുദ്ധിപരവുമായ തകരാറുകൾ ഉണ്ടാകാം. എങ്കിൽപോലും വിശകലനം ചെയ്ത് നോക്കുമ്പോൾ പ്രസവത്തിന് മുമ്പോ പ്രസവസമയത്തോ അതിനുശേഷമോ തകരാറുകൾ ഒന്നും ഇല്ലാത്ത ചുരുക്കം ചില കുട്ടികൾക്ക് ബുദ്ധിവികാസ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കുട്ടികളിലുണ്ടാകാവുന്ന പ്രശ്നങ്ങൾ വളരെ നേരത്തെ കണ്ടുപിടിച്ച് അപ്പോൾ വേണ്ട പരിഹാരമാർഗ്ഗങ്ങൾ ചെയ്താൽ ഭാവിയിൽ സംഭവിക്കാവുന്ന അംഗവൈകല്യവും ബുദ്ധിമാന്ദ്യവും ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

## ബുദ്ധിവികാസ പരിശോധന

നവജാതശിശുവിന്റെ ശാരീരിക വളർച്ചപോലെ തന്നെ ബുദ്ധിവികാസവും നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്. കുഞ്ഞുങ്ങൾ ശരിയായ നിലവാരത്തിൽ വളരുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനാണ് ബുദ്ധിവികാസ പരിശോധന. ജനനസമയത്തെ തൂക്കക്കുറവ്, മാസം തികയാതെയുള്ള ജനനം, പലതരത്തിലുള്ള രോഗാണുബാധ തുടങ്ങിയവ കുഞ്ഞുങ്ങളുടെ സാധാരണ വളർച്ചയേയും, ബുദ്ധിവികാസത്തെയും പ്രതികൂല മായി ബാധിക്കുന്നു. അതുകൊണ്ടു തന്നെ ഇത്തരം സാഹചര്യത്തിലുള്ള കുഞ്ഞുങ്ങളുടെ വളർച്ചയും, ബുദ്ധിവികാസവും നിരീക്ഷിക്കേണ്ടതുണ്ട്. വളർച്ചയിലും വികാസത്തിലുമുള്ള വ്യതിയാനങ്ങൾ എത്രയും നേരത്തെ കണ്ടുപിടിക്കുന്നുവോ, അത്രയും ഫലപ്രദമാണ് അത് വഴിയുള്ള ചികിത്സയും എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.



തിരുവനന്തപുരം സിഡിസിയിൽ വികസിപ്പിച്ചെടുത്തിട്ടുള്ള ബുദ്ധിനിരീക്ഷണ കാർഡ് ഉപയോഗിച്ച് അമ്മമാർക്ക് തന്നെ കുട്ടിയുടെ വളർച്ച നിരീക്ഷിക്കാവുന്നതാണ്. വളർച്ചയുടെ നാഴികക്കല്ലുകളെക്കുറിച്ചാണ് ഈ കാർഡിൽ പ്രതിപാദി ക്കുന്നത്.

## ബുദ്ധിനിരീക്ഷണ കാർഡ്

(Developmental Observation Card-DOC)

**ബുദ്ധിവികാസത്തിന്റെ വിവിധ ഘട്ടങ്ങൾ**

- 2 മാസം തികയുമ്പോൾ മുഖത്ത് നോക്കി ചിരിക്കണം
- 4 മാസം തികയുമ്പോൾ കഴുത്ത് ഉറയ്ക്കണം
- 8 മാസം തികയുമ്പോൾ ഇരിക്കണം
- 12 മാസം തികയുമ്പോൾ നിൽക്കണം

- കുഞ്ഞ് കാണുന്നു, കേൾക്കുന്നു, ശ്രദ്ധിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

## ട്രിവാൻഡ്രം ഡെവലപ്മെന്റൽ സ്ക്രീനിംങ് ചാർട്ട് (TDSC)

കുട്ടികളുടെ ബുദ്ധിവികാസ വ്യതിയാനം കണ്ടുപിടിക്കുന്നതിന് വേണ്ടി തിരുവനന്തപുരം സിഡിസിയിൽ വികസിപ്പിച്ചെടുത്ത ചാർട്ടാണ് TDSC. ഈ പരിശോധന നടത്താൻ പ്രത്യേകിച്ച് ഉപകരണങ്ങളുടെ ആവശ്യമൊന്നുമില്ല. 5 മുതൽ 7 മിനിട്ട് വരെ സമയം വേണ്ടി വരുന്ന ഈ ടെസ്റ്റ് ഒരു താക്കോൽ കൂട്ടവും, പേനയും ഉപയോഗിച്ച് ലഘുവായ പരിശീലനത്തിലൂടെ പരിശോധിക്കാൻ കഴിയും.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള പരിശോധനകൾ വഴി ബുദ്ധിവികാസവ്യതിയാനം കണ്ട് പിടിക്കുന്ന കുട്ടികൾക്ക് തെറാപ്പി നൽകേതാണ്.

തെറാപ്പി ചെയ്യുന്നത് ജനനശേഷം കുഞ്ഞുങ്ങൾ അതാത് സമയത്ത് ചെയ്യേണ്ട വികാസ പ്രക്രിയയുടെ വിവിധ കാര്യങ്ങൾ നേരത്തെ ചെയ്യിക്കുവാനല്ല, എന്നാൽ താമസിച്ചാണെങ്കിൽ പോലും കുഞ്ഞിന്റെ തലച്ചോറ് തയ്യാറാകുമ്പോഴേക്കും സന്ധികളും പേശികളും ഉറച്ച് പോകാതിരിക്കാനാണ്. കുഞ്ഞിനെ വേദനിപ്പിക്കാതെ തന്നെ കളികളിലൂടെ

